**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4347** **18-07-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിന്റെ പൊതുവിപണിയിലെ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ . പി . ഉബൈദുള്ള | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതു വിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുമ്പോൾ സാധാരണക്കാരായ പൊതുജനങ്ങളെ സഹായിക്കുന്നതിനായി സഹകരണ വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് വേണ്ടി കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ വിലക്കുറവിൽ വിതരണം ചെയ്യുന്നുണ്ട്.<br><br>ഉത്സവ കാലങ്ങളിൽ പൊതു വിപണിയിൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വേണ്ടി സർക്കാർ സബ്സിഡിയോട്ടു കൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോട്ടു കൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്താറുണ്ട്.<br><br>അതുപോലെ കൺസ്യൂമർഫെഡ് സ്വന്തമായി ഉത്പാദിപ്പിക്കുന്ന ത്രിവേണി നോട്ടു ബുക്കുകളും ഓഫീസ് സ്റ്റേഷനറികളും മറ്റും കുറഞ്ഞ വിലയ്ക്ക് വിൽപന നടത്തുന്നതും വിപണികളിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹായകരമാണ്. |
| (ബി) | പൊതു വിപണിയിൽ ഇടപെടുന്നതിനായി സഹകരണ പ്രസ്ഥാനങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് സഹകരണ വകുപ്പ് ചെയ്തു വരുന്നതെന്ന് വിശദമാക്കാമോ; | (ബി) | *ബഡ്ജറ്റിൽ സബ്സിഡി നിരക്കിൽ ഉത്സവകാല വിപണികൾ നടത്തുന്നതിന് തുക വകയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൺസ്യൂമർ ഫെഡറേഷൻ ഉത്സവ കാലങ്ങളിൽ മൊത്തമായി മിത വിലയ്ക്ക് സാധനങ്ങൾ ശേഖരിച്ച് പ്രാഥമിക* |

| | | | |
|---|---|---|---|
| | | | *സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സഹകരണ സംഘങ്ങളിലെ താത്കാലിക വിപണികളിലൂടെ ഉത്സവ കാലങ്ങളിൽ വിപണനം നടത്തുന്നു.*<br><br>*ഗുണ നിലവാരമുള്ള സഹകരണ ഉത്പന്നങ്ങൾ ഉപഭോക്താക്കളിൽ എത്തിയ്ക്കും വിധം സഹകരണ ഉത്പന്ന വിപണന ശാലകളായ കോപ്പ് മാർട്ടുകൾ (co-op mart) ആരംഭിച്ചിട്ടുണ്ട്. ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും പദ്ധതി വിഹിതത്തിൽ നിന്നും ധനസഹായം നൽകുന്നുണ്ട്.* |
| (സി) | ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റത്തക്ക വിധത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് സഹകരണ പ്രസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകുമോ? | (സി) | ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റത്തക്ക വിധത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കി വരുന്നുണ്ട്.<br><br>നീതി മെഡിക്കൽ സ്റ്റോറുകൾ വഴി മരുന്നുകൾ ഉപഭോക്താക്കളുടെ വീടുകളിൽ എത്തിച്ചു നൽകും വിധം "ഹോം ഡെലിവറി' സംവിധാനം നടപ്പിലാക്കുകയുണ്ടായി. ഡിജിറ്റൽ പണമിടപാടുകളുടെ കാലത്ത് ക്യാഷ് ലെസ്സ് പർച്ചേയ്സ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഔട്ട് ലെറ്റുകളിൽ ഗൂഗിൾ പേ / ഫോൺ പേ തുടങ്ങിയ യു.പി.ഐ. പണമിടപാട് സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് .<br><br>ആധുനിക സൗകര്യങ്ങളോടെ പ്രവർത്തനമാരംഭിച്ച പിണറായിലെ ത്രിവേണി മെഗാ മാർട്ടിൽ നിത്യോപയോഗ സാധനങ്ങൾക്ക് പുറമെ ഓഫീസ് സ്റ്റേഷനറി, ഹൗസ് ഹോൾഡ് സാധനങ്ങൾ, പച്ചക്കറി, പാൽ, മുട്ട, പഴങ്ങൾ, മത്സ്യം, മാംസം, ചായ, കാപ്പി, ജ്യൂസുകൾ തുടങ്ങിയവയും വിലക്കുറവിൽ ലഭ്യമാക്കി വരുന്നു.<br><br>ഇത്തരത്തിൽ ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റത്തക്ക വിധത്തിൽ കൺസ്യൂമർഫെഡ് പ്രവർത്തിച്ച് വരുന്നു.<br><br>കൂടാതെ ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റത്തക്ക വിധത്തിൽ ഗുണ നിലവാരമുള്ള സഹകരണ ഉത്പന്നങ്ങൾ ഉപഭോക്താക്കളിൽ എത്തിക്കും വിധം ജില്ലകളിൽ സഹകരണവകുപ്പ് ഇതിനകം സഹകരണ ഉത്പന്നവിപണനശാലകളായ കോപ്പ്-മാർട്ടുകൾ (co-op mart) ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ